പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5360 — 5.07.2012-ലെ മറുപടിയ്ക്ക്

**ചിറക്കര ഗ്രാമപഞ്ചായത്തിലെ വ്യവസായ പാർക്ക്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിലേയ്ക്കായി കിൻഫ്രാ ഭൂമി ഏറ്റെടുക്കലിൻെറ പ്രാരംഭ നടപടികൾ ആരംഭിച്ചത് എന്നാണ്; എത്ര ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കാണ് നടപടി സ്വീകരിച്ചിരുന്നത്; | (എ) ഭൂമി ഏറ്റെടുക്കുന്നതിന് ഗവൺമെൻറ് നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ കിൻഫ്ര 20.4.2010- ൽ കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പരവൂർ, ചിറക്കര വില്ലേജുകളിൽപ്പെട്ട 95.47 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. |
| (ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെയോ പൊതുജനങ്ങളുടെയോ ഭാഗത്തു നിന്നും പരാതി വല്ലതും ലഭിച്ചിരുന്നുവോ; വിശദാംശം അറിയിക്കുമോ; | (ബി) ചില ഭൂ ഉടമകൾ ലാൻറ് അക്വിസിഷനെതിരെ പരാതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ കൊല്ലം ജില്ലാ നെൽവയൽ സംരക്ഷണ സമിതിയും ഭൂമി ഏറ്റെടുക്കുന്നതിനെതിരെ പരാതി നൽകിയിട്ടുണ്ട്. മേൽ ഭൂമി വയലുൾപ്പെട്ട് വരുന്നതാണെന്നും ആയതുകൊണ്ട് വയൽ നികത്തി യാതൊരു വ്യവസായവും തുടങ്ങാൻ പാടില്ല എന്നുമാണ് സമിതിയുടെ പരാതിയിലുള്ളത്. |
| സി) ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചതും, ഏതൊക്കെ ഭൂമി ആണ് ഏറ്റെടുക്കേണ്ടതെന്ന് തീരുമാനിച്ചതും ആരാണ്; ഇപ്പോൾ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്ക് തടസ്സങ്ങൾ വല്ലതും നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | സി) കിൻഫ്രയുടെ ടെക്നിക്കൽ ടീമിൻെറ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ടൂറിസം അധിഷ്ഠിതമായ പാർക്ക് സ്ഥാപിക്കുന്നതിന് പ്രസ്തുത ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചത്. റവന്യൂ രേഖകൾ പ്രകാരം ഏകദേശം 45 ഏക്കർ സ്ഥലം നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൻെറ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമേ ഭൂമി ഏറ്റെടുക്കാൻ കഴിയൂ. |

| | | | |
|---|---|---|---|
| (ഡി) | വെറ്റ്‌ലാൻറ് ഏറ്റെടുക്കുന്നതിലേയ്ക്ക് എന്ത് തടസ്സമാണ് പുതുതായി ഉണ്ടായത്; എങ്കിൽ വെറ്റ് ലാൻറ് ഒഴിവാക്കി കരഭൂമി ഏറ്റെടുക്കുന്നതിലേയ്ക്ക് പ്രസ്തുത സ്ഥലത്ത് എന്ത് ബുദ്ധിമുട്ടാണ് നിലനിൽക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ഡി) | ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന 95.4 ഏക്കർ ഭൂമിയിൽ 45 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം 'നിലം' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനാൽ പ്രസ്തുത ഭൂമി കേരള നെൽവയൽ തണ്ണീർത്തട നിയമത്തിൻെറ പരിധിയിൽ വരുന്നു. പ്രസ്തുത ഭാഗം ഒഴിവാക്കിയാൽ അവശേഷിക്കുന്ന കര ഭൂമി പല ഭാഗങ്ങളിലായി ചിതറി കിടക്കുന്നതാണ്. ഈ ഭൂമിയിൽ ഫലപ്രദമായ രീതിയിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമാണ്: |
| ഇ) | കിൻഫ്രായ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നുവെന്ന് അറിയിച്ച് സ്ഥലം നിശ്ചയിച്ച് നടപടികൾ ആരംഭിച്ച ശേഷം പ്രസ്തുത നടപടിയിൽ നിന്നും പിൻമാറുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചുള്ള വിശദാംശം നൽകുമോ? | (ഇ) | ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും നിയമപ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടില്ലാത്തിനാൽ ഇക്കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നില്ല. |

Hasee Keela

സെക്ഷൻ ഓഫീസർ